"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസ വകുപ്പ് -ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന 2026-27 അധ്യയന വർഷത്തെ "ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ്" പ്രോഗ്രാമിന്റെ പ്രവേശന പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.686/2026/HEDN    തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-    സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 03.06.2026 ലെ DTETVM/4429/2026-C4(ACA) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്ത് പ്രകാരം ലഭ്യമായ, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന 2026 - 27 അധ്യയന വർഷത്തെ 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ്' പ്രോഗ്രാമിന്റെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് (അനുബന്ധമായി ചേർക്കുന്നു) അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിൽ കുമാർ എസ്

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

www.highereducation.kerala. gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ജെ1/169/2026/ഉ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by

Shinos S

Date: 15-06-2026 11:19:31

സെക്ഷൻ ഓഫീസർ



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/06/2026 10:46 AM

# കേരള സർക്കാർ
# സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

### എസ് ബി ടി ഇ കേരള അംഗീകരിച്ച ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ

# ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് 2026-2027

# പ്രോസ്പക്ടസ്

**അപേക്ഷ കൾ ഓൺലൈനായി സമർപ്പിക്കുന്നതിന് :**
https://gci.polyadmission.org/

**തയ്യാറാക്കിയത്: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻഡ് റിസർച്ച്, കളമശ്ശേരി**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം**

പദ്മവിലാസം റോഡ്, ഫോർട്ട് പി ഓ., തിരുവനന്തപുരം

**അഡ്മിഷൻ പോർട്ടൽ :** https://gci.polyadmission.org/



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/06/2026 10:46 AM

# ജി സി ഐ പ്രവേശനം 2026-27 - പ്രധാന തീയതികൾ

| ക്രമ നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | One-Time Registration ഉം ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതും ആരംഭിക്കുന്ന തീയ്യതി | **10/06/2026** |
| 2 | One-Time Registration ഫീസ് ഒടുക്കേണ്ട അവസാന തീയതി | **03/07/2026** |
| 3 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന അവസാന തീയ്യതി | **03/07/2026** |
| 4 | കരട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **06/07/2026** |
| 5 | പരാതികൾ സമർപ്പിക്കുന്ന അവസാന തീയ്യതി | **08/07/2026** |
| 6 | തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | **10/07/2026** |
| 7 | കൗൺസിലിംഗും പ്രവേശനവും | 13/07/2026 **മുതൽ**<br>17/07/2026 **വരെ** |
| 8 | ക്ലാസുകൾ ആരംഭിക്കുന്ന തീയ്യതി | 20/07/2026 |



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/06/2026 10:46 AM

# ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 4 |
| 2 | പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും | 4 |
| 3 | പ്രോഗ്രാം കാലാവധി | 5 |
| 4 | പ്രോസ്പക്ടസ്, അപേക്ഷ ഫീസ്, അപേക്ഷ സമർപ്പിക്കൽ | 5 |
| 5 | സീറ്റുകളുടെ സംവരണം | 5 |
| 6 | പ്രവേശന യോഗ്യത | 8 |
| 7 | പ്രായ പരിധി | 8 |
| 8 | യൂണിഫോം | 8 |
| 9 | തെരഞ്ഞെടുപ്പ് രീതി | 8 |
| 10 | പ്രവേശനം | 10 |
| 11 | ഫീസ് | 11 |
| 12 | അറിയിപ്പ് | 11 |




File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 10:48 AM

# ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (ജി.സി.ഐ) നടത്തുന്ന ദ്വിവത്സര ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് 2026-27 അദ്ധ്യയന വർഷത്തെ പ്രവേശനത്തെ സംബന്ധിച്ച വിവരങ്ങൾ

## 1. ആമുഖം:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അംഗീകരിച്ച 2026-27 അധ്യയന വർഷത്തേക്കുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രവേശനം സംബന്ധിച്ച പൊതു വിവരങ്ങളും നിയമങ്ങളും നിബന്ധനകളും ഇതിൽ ഉൾക്കൊള്ളുന്നു. അപേക്ഷകർ ഈ പ്രോസ്പക്ടസ് ജാഗ്രതയോടെ/ശ്രദ്ധയോടെ വായിക്കുകയും അതിൽ സൂചിപ്പിക്കുന്ന പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുമാണ്. മുൻ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസ് 2026-27 അധ്യയന വർഷത്തെ പ്രവേശനത്തിന് ബാധകമായിരിക്കുന്നതല്ല.

SBTE കേരളയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സിലേക്കുള്ള തിരഞ്ഞെടുപ്പിനും പ്രവേശനത്തിനുമുള്ള നിയമങ്ങളും നിയന്ത്രണങ്ങളും പ്രോസ്പെക്ടസ് പ്രതിപാദിക്കുന്നു. പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് മുൻഗണന നൽകി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രോഗ്രാം പ്രവേശനം ക്രമപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പ്രവേശനത്തിന് ബാധകമായിരിക്കും.

വിജ്ഞാപനങ്ങൾക്കും അറിയിപ്പുകൾക്കുമായി അപേക്ഷകർ പതിവായി അഡ്മിഷൻ പോർട്ടൽ https://gci.polyadmission.org/ സന്ദർശിക്കേണ്ടതാണ്.

ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട അധികാരി നടത്തിയേക്കാവുന്ന പരിഷ്കാരങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകൾക്കും ഈ പ്രോസ്പക്ടസ് വിധേയമായിരിക്കും. പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷ ഫീസും ഓൺലൈനായി തന്നെയാണ് ഒടുക്കേണ്ടത്. ഫീസടയ്ക്കുന്നതോടു കൂടി മാത്രമേ അപേക്ഷ സമർപ്പണം പൂർത്തിയായതായി കണക്കാക്കുകയുള്ളൂ.

## 2. പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് കൊമേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ രണ്ടുവർഷ കാലാവധിയുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടറിയൽ പ്രാക്ടീസ് കോഴ്സ് ആണ് നടത്തിവരുന്നത്. ഇംഗ്ലീഷ് ടൈപ്പ് റൈറ്റിങ് ആൻഡ് വേർഡ് പ്രോസസിംഗ്, മലയാളം ടൈപ്പ് റൈറ്റിംഗ് ആൻഡ് വേർഡ് പ്രോസസിംഗ് ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് എന്നിവയിൽ ഹയർ ഗ്രേഡും മലയാളം ഷോർട്ട് ഹാൻഡ്, ഹിന്ദി ടൈപ്പ് റൈറ്റിംഗ് എന്നിവയിൽ ലോവർ ഗ്രേഡും, ഡിടിപി ഇംഗ്ലീഷ് ആൻഡ് മലയാളം, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, Python പ്രോഗ്രാമിംഗ് എന്നിവ കൂടാതെ ആധുനിക സാങ്കേതികവിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടുത്തി ഡാറ്റാ എൻട്രി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അക്കൗണ്ടൻസി, ബിസിനസ് കറസ്പോണ്ടൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ സംയോജിപ്പിച്ച് പരിഷ്കരിച്ച സിലബസ്സാണ് ഈ കോഴ്സിനു വേണ്ടി തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലകളിൽ വിവിധങ്ങളായ തൊഴിൽ അവസരങ്ങളാണ് ഈ കോഴ്സിലൂടെ ലഭ്യമാകുന്നത്. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പേർസണൽ അസിസ്റ്റന്റ്, പേർസണൽ സെക്രട്ടറി, സ്റ്റെനോഗ്രാഫർ, ക്ലാർക്ക് - ടൈപ്പിസ്റ്റ്, അസിസ്റ്റന്റ്



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA), DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

ഇൻസ്ട്രക്ടർ ഇൻ GCI, ഇൻസ്ട്രക്ടർ ഇൻ GCI, സൂപ്രണ്ട് ഇൻ GCI എന്നീ തസ്തികകൾ ഈ കോഴ്സിലൂടെ ലഭിക്കുന്ന തൊഴിൽ അവസരങ്ങളിൽ ചുരുക്കം ചിലതു മാത്രമാണ്.

ഈ സ്ഥാപനങ്ങളുടെ ഭരണപരമായ അധികാരം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. കരിക്കുലം, പരീക്ഷ, മറ്റ് അക്കാദമിക് കാര്യങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നു.

3. **പ്രോഗ്രാം കാലാവധി**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 17 ഗവൺമെന്റ് കൊമേർസ്യൽ ഇൻസ്റ്റിട്യൂട്ടുകളിൽ (ജിസിഐ) 2 വർഷ കാലാവധി ഉള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സാണ് നടത്തിവരുന്നത്.

**4. പ്രോസ്പക്ടസ്, അപേക്ഷ ഫീസ്, അപേക്ഷ സമർപ്പിക്കൽ :**

**4.1** വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസ് മുതൽ https://gci.polyadmission.org/ എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

**4.2** മുതൽ വരെ https://gci.polyadmission.org/ എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ **ഓൺലൈനായി** സമർപ്പിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് പ്രത്യേകം ഓപ്ഷനുകൾ അപേക്ഷയിൽ നൽകേണ്ടതാണ്.

**4.3** അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി One-Time Registration നിർബന്ധമായും നടത്തേണ്ടതാണ്. One-Time Registration ന് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുമ്പോൾ മൊബൈൽ OTP വെരിഫിക്കേഷന് ശേഷം രജിസ്ട്രേഷൻ ഫീസ് അടയ്ക്കുവാനുള്ള ലിങ്ക് ലഭിക്കുന്നതാണ്. അപ്രകാരം ഫീസടയ്ക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org/gci എന്ന അഡ്മിഷൻ പോർട്ടൽ ഹോം പേജിലെ "CHECK/RETRY PAYMENT" ലിങ്ക് വഴി ഫീസടയ്ക്കുവാനോ നിലവിൽ ഫീസടച്ചതിന്റെ സ്ഥിതി പരിശോധിക്കുവാനോ സാധിക്കുന്നതാണ്. പൊതു വിഭാഗങ്ങൾക്ക് 100 രൂപയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 50 രൂപയുമാണ് One-Time Registration ഫീസ്.

**4.4** സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകളും അപൂർണ്ണമായ അപേക്ഷകളും മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**4.5** തെറ്റായ വിവരങ്ങൾ നൽകി പ്രവേശനത്തിന് ശ്രമിക്കുന്നത് കുറ്റകരവും പ്രവേശനം റദ്ദുചെയ്യുന്നതിനും കാരണമാകുന്നതുമാണ്.

**5. സീറ്റുകളുടെ സംവരണം:**

**5.1 ഭിന്ന ശേഷിക്കാർക്കുള്ള സംവരണം:-** 5% സീറ്റുകൾ ശാരീരിക അവശതയനുഭവിക്കുന്നവർക്കായി സംവരണം ചെയ്തിരിക്കുന്നു. 2016 ലെ പേഴ്സണൽ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ VI ആം അദ്ധ്യായം 3 ആം വകുപ്പ് പ്രകാരമാണ് സംവരണം അനുവദിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ വൈകല്യത്തിന്റെ തോത് (വൈകല്യത്തിന്റെ തോത് 40%മോ അതിൽ കൂടുതലോ ആയിരിക്കണം) രേഖപ്പെടുത്തിയ മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID), അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന, കോഴ്സ് പഠിക്കാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ പകർപ്പും (അനെക്സർ -XX) ഹാജരാക്കേണ്ടതാണ്. സംസ്ഥാന സർക്കാർ രൂപീകരിച്ച മെഡിക്കൽ ബോർഡ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡിൽ (Unique Disability Identity Card - UDID) 40 ശതമാനത്തിൽ കൂടുതൽ ശാരീരിക അവശതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളവരെ മാത്രമേ ഈ വിഭാഗം സംവരണത്തിന് പരിഗണിക്കുകയുള്ളൂ.



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA), DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

**5.2 യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ വിധവകൾക്കുള്ള സംവരണം:** പ്രത്യേക സംവരണമായി ഓരോ സ്ഥാപനത്തിലും ഒരു സീറ്റുവീതം യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ വിധവകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5.3 ശേഷിക്കുന്ന സീറ്റുകളുടെ സംവരണം**

**പട്ടിക I**

| | | | | |
|---|---|---|---|---|
| (A) | | ജനറൽ മെറിറ്റ് | 50% | |
| (B) | | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് (EWS) | 10% | |
| (C) | | സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (SEBC) | 30% | |
| | i. | ഈഴവ (EZ) | 9% | |
| | ii. | മുസ്ലീം (MU) | 8% | |
| | iii. | മറ്റു പിന്നോക്ക ഹിന്ദുക്കൾ(BH) | 3% | |
| | iv. | ലത്തീൻ കത്തോലിക്കരും ആംഗ്ലോ-ഇന്ത്യൻസും(LA) | 3% | |
| | v. | ധീവരരും ബന്ധപ്പെട്ട സമുദായങ്ങളും(DV) | 2% | |
| | vi. | വിശ്വകർമ്മയും ബന്ധപ്പെട്ട സമുദായങ്ങളും(VK) | 2% | |
| | vii. | കുശവരും ബന്ധപ്പെട്ട സമുദായങ്ങളും(KN) | 1% | |
| | viii | മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ(BX) | 1% | |
| | ix. | കുടുംബി(KU) | 1% | |
| (D) | | പട്ടികജാതി & പട്ടികവർഗ്ഗം | | 10% |
| | i. | പട്ടികജാതി (SC) | 8% | |
| | ii. | പട്ടികവർഗ്ഗം (ST) | 2% | |

**A) ജനറൽ മെറിറ്റ്**

50% സീറ്റുകൾ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതായിരിക്കും.

**B) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് (EWS)**

10% സീറ്റുകൾ സാമ്പത്തികമായി ദുർബലരായ ജാതി സംവരണത്തിനർഹതയില്ലാത്തവർക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത സംവരണം അവകാശപ്പെടുന്നതിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ അപേക്ഷകർ GO(MS)No.02/2020 P&ARD, Thiruvananthapuram, dated 12/02/2020 പ്രകാരമുള്ള നിശ്ചിത ഫോർമാറ്റിലുള്ള EWS സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റുകളിലെ എല്ലാ വരികളും/കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നും, ആഫീസറുടെ ഒപ്പ്, ഉദ്യോഗപ്പേരുള്ള സീൽ, ഓഫീസ് സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്

**നിർബന്ധിത സംവരണം:**

ശേഷിക്കുന്ന സീറ്റുകളിൽ അവശേഷിക്കുന്ന 40% സീറ്റുകൾ സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പട്ടിക I ൽ പറയുന്ന രീതിയിൽ സംവരണം ചെയ്തിരിക്കുന്നു.

**സി. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കീഴിലുള്ള സാമുദായിക സംവരണം:**



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണം G.O.(P) 208/66/Edn.dated 02.05.1966, G.O.(Ms) No.95/08/ SCSTDD dated 06.10.2008, GO(MS) No. 10/2014/BCDD dated: 23.05.2014, G.O.(P) No. 1/2015/BCDD dated: 01.01.2015, GO(MS) No. 4/2015/H.Edn. dated: 05.01.2015, GO(MS) No. 15/2015/H.Edn. dated: 19.01.2015, GO(MS) No. 03/2018/BCDD. dated: 09.04.2018, GO(MS) No. 05 /2020/BCDD. dated: 16.03.2020 , GO(MS)No.08/2021/BCDD dated: 21.06.2021 , G.O(Rt) No. 01/2022/BCDD dated: 25.02.2022 and G.O(Rt) No. 02/2026/BCDD dated: 03.03.2026 എന്നിവയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളതും ബഹു. സുപ്രീം കോടതി / ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അല്ലെങ്കിൽ കേരള സർക്കാരിന്റെ/ ഇന്ത്യാ ഗവൺമെന്റിന്റെ ഉത്തരവുകൾക്കും അനുസരിച്ചായിരിക്കും.

G.O.(P) 208/66/Edn. തീയതി 02.05.1966, GO(MS) നമ്പർ. 10/2014/BCDD തീയതി: 23.05.2014, G.O.(P) No. 1 /2015/BCDD തീയതി: 01.01.2015, GO(MS) നമ്പർ. 4/2015 .Edn. തീയതി: 05.01.2015, GO(MS) നമ്പർ 15/2015/H.Edn. തീയതി: 19.01.2015, എന്നിവ പ്രകാരം സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പെട്ട അപേക്ഷകർ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗമായി നിയോഗിക്കപ്പെട്ടിട്ടുള്ളതും ക്രീമി ലെയർ വിഭാഗത്തിൽ പെടാത്തതുമായ കമ്മ്യൂണിറ്റിയിൽ ( പട്ടിക II, 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്) ഉൾപ്പെടുന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കണം. G.O.(P) നമ്പർ 1/2015/BCDD യുടെ അനുബന്ധം 5 തീയതി: 01.01.2015).

SEBC യുടെ കീഴിലുള്ള ജാതികളുടെയും സമുദായങ്ങളുടെയും പേരുകൾ അനുബന്ധം II ഇയിൽ നൽകിയിരിക്കുന്നു. പ്രോസ്പെക്ടസ് 2023-ന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റികളിലെ അപേക്ഷകരുടെ സംവരണം മാത്രമേ പരിഗണിക്കൂ. ബന്ധപ്പെട്ട റവന്യൂ ഓഫീസർമാരിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ലഭിച്ചാലും അനുബന്ധം II e-യിൽ ഉൾപ്പെടാത്ത മറ്റ് സമുദായങ്ങളിൽപ്പെട്ട അപേക്ഷകരുടെ ക്ലെയിമുകൾ നിരസിക്കപ്പെടുന്നതാണ്.

ഈഴവ, മുസ്ലീം, മറ്റ് പിന്നോക്ക ഹിന്ദുക്കൾ, ലാറ്റിൻ കാത്തലിക് & ആംഗ്ലോ ഇന്ത്യക്കാർ, ധീവര, ബന്ധപ്പെട്ട സമുദായങ്ങൾ, വിശ്വകർമ, ബന്ധപ്പെട്ട സമുദായങ്ങൾ, കുശവൻ, മറ്റ് പിന്നോക്ക ക്രിസ്ത്യൻ, കുടുംബി സമുദായങ്ങൾ, എന്നിങ്ങനെ SEBC ക്വോട്ടയിൽ സംവരണം അവകാശപ്പെടുന്നവർ (മുകളിൽ ക്രമ നമ്പർ i മുതൽ ix വരെ , എസ്.ഇ.ബി.സി വിഭാഗത്തിന്റെ ലിസ്റ്റ് അനുബന്ധം II e ൽ കൊടുത്തിരിക്കുന്നു) ടി വിഭാഗത്തിൽ പരിഗണിക്കുന്നതിന് പട്ടിക II, 4 ൽ പ്രതിപാദിച്ചിരിക്കുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**ഡി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം :**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്കുള്ള അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുന്ന ജാതി/സമുദായങ്ങളുടെ പേര് അനുബന്ധം II a, II b ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അല്ലെങ്കിൽ ഗവ. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട ജാതി/സമുദായങ്ങളുടെ പേര് മാത്രമേ പരിഗണിക്കുകയുള്ളൂ.

പട്ടികജാതി വംശജരായ ക്രിസ്ത്യാനിറ്റിയിൽ നിന്ന് ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന അപേക്ഷകർ പുനഃപരിവർത്തനം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കണം. അത്തരം അപേക്ഷകർ ശുദ്ധി സർട്ടിഫിക്കറ്റും അപേക്ഷകന്റെയും, അവന്റെ/അവളുടെ മാതാപിതാക്കളുടെയും സ്കൂൾ രേഖകളുടെ പ്രസക്തമായ പേജും ഹാജരാക്കണം. ജാതി സർട്ടിഫിക്കറ്റിൽ, അപേക്ഷകൻ സ്വയം (അച്ഛനോ അമ്മയോ അല്ല) പട്ടികജാതി/പട്ടികവർഗത്തിൽ പെട്ടയാളാണെന്ന് വ്യക്തമാക്കണം.



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA), DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

**5.4 വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ പട്ടികജാതി/പട്ടികവർഗ്ഗ സംവരണത്തിന് പരിഗണിക്കുന്നത്:** വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസ/സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. (GO(Ms)No. 25/2005/SCST DD dt.20.06.2005 ഉം (G.O (Ms) No.109/2008/SCST DD dt. 20.11.2008 ഉം കാണുക) റവന്യൂ അധികാരികൾ നൽകുന്ന മാര്യേജ് സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ സമുദായം വ്യക്തമാക്കേണ്ടതാണ്.

**5.5. വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നത്:**

വ്യത്യസ്ത ജാതികളിലുള്ള ദമ്പതിമാരിൽ അച്ഛനോ അമ്മയോ SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായത്തിൽ പെട്ടവരാണെങ്കിലും അച്ഛനും അമ്മയും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ പെടുന്നുവെങ്കിലും അവർക്ക് ജനിച്ച കുട്ടികൾ SEBC സംവരണത്തിന് അർഹരാണ്. ഇതിനർഹരായ അപേക്ഷകർ Inter-Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ /വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഒരു സത്യവാങ്മൂലവും സമർപ്പിക്കാവുന്നതാണ്. ഇവർ സംവരണം ലഭിക്കുന്നതിന് നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ്/ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. അച്ഛനും അമ്മയും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ വരുന്ന അപേക്ഷകർക്ക് അവരുടെ മാതാ പിതാക്കളുടെ സമുദായങ്ങളിൽ ഏതെങ്കിലും ഒന്ന് സംവരണ ആവശ്യത്തിന് തെരഞ്ഞെടുക്കാവുന്നതാണ്. ഈ വിധം അപേക്ഷയിൽ രേഖപ്പെടുത്തിയത് പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല.

**5.6 സംവരണം സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ:**

**5.6.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തതിൽ മിച്ചമുള്ള സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും നേരെ തിരിച്ചും ലഭിക്കുന്നതാണ്.

**5.6.2** പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേക്ക് മറ്റ് അർഹ സമുദായത്തിൽ പെട്ട ( ഒ.ഇ.സി) അപേക്ഷകരെ തെരഞ്ഞെടുക്കും.

**5.6.3** അതും കഴിഞ്ഞ് മിച്ചമുള്ള സീറ്റുകൾ പൊതു മെറിറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

**5.6.4** സംവരണ വിഭാഗത്തിലെ ഏതെങ്കിലും സീറ്റുകൾ, ആ വിഭാഗത്തിലെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം പൂർത്തിയാക്കാവുന്നതാണ്.

**5.6.5** ഭിന്നശേഷി അപേക്ഷകർ മെഡിക്കൽ ബോർഡ് നൽകുന്ന 40% ൽ കുറയാത്ത ഡിസെബിലിറ്റി സർട്ടിഫിക്കറ്റും അസി. സർജനിൽ കുറയാത്ത യോഗ്യതയുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന 'ഈ കോഴ്സ് പഠിക്കാൻ വൈകല്യം തടസ്സമാകില്ല' എന്ന് കാണിക്കുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**6. പ്രവേശന യോഗ്യത:** എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനർഹത നേടിയിട്ടുള്ളവർക്ക് പ്രവേശനത്തിനപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം.

**7. പ്രായ പരിധി:** ഉയർന്ന പ്രായ പരിധിയില്ല.



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:46 AM

**8. യൂണിഫോം:** ആൺകുട്ടികളും പെൺകുട്ടികളും താഴെ കൊടുത്തിരിക്കുന്നതു പ്രകാരം യൂണിഫോം ധരിക്കേണ്ടതാണ്.

| | | |
|---|---|---|
| Color | Shirt | Light bright grey |
| | Pants | Charcoal grey |
| | Over Coat | Charcoal grey |
| Girls | Shirt | Shirt with stand collar, sleeve upto 5 inches below the elbow |
| | Over Coat | Sleeveless, hip level length, collar with lapel & hip pockets |
| | Pants | Formal |
| Boys | Shirt | Formal, full sleeve |
| | Pants | Formal |

**9. ആനുകൂല്യങ്ങൾ:** പട്ടികജാതി/പട്ടിക വർഗ്ഗ/SEBC/OEC വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാരിന്റെ തീരുമാനങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

**10. തെരഞ്ഞെടുപ്പ് രീതി:** എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

10.1 ആകെ ഗ്രേഡ് പോയിന്റിനോടൊപ്പം ഇംഗ്ലീഷിനു ലഭിച്ച ഗ്രേഡ് പോയിന്റ് കൂടി ചേർത്ത് അന്തിമ ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

10.2 അന്തിമ ഗ്രേഡ് പോയിന്റിനെ ആകെ വിഷയങ്ങളുടെ എണ്ണത്തോടൊപ്പം ഇംഗ്ലീഷ് പേപ്പറുകളുടെ എണ്ണം കൂടി ചേർത്ത് ലഭിക്കുന്ന എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

10.3 പ്ലസ് ടു, വി.എച്ച്.എസ്.ഇ/ തത്തുല്യ പരീക്ഷ പാസ്സായവർക്ക് ശരാശരി ഗ്രേഡ് പോയിന്റിനോടൊപ്പം 1 ഗ്രേഡ് പോയിന്റ് അധികമായി ചേർക്കാവുന്നതാണ്.

10.4 പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷ തവണകളായി പാസ്സായിട്ടുള്ള കുട്ടികളുടെ ശരാശരി ഗ്രേഡ് പോയിന്റിൽ നിന്നും ഓരോ തവണയ്ക്കും 0.5 ഗ്രേഡ് പോയിന്റ് വീതം കുറവ് ചെയ്യുന്നതായിരിക്കും.

10.5 മേൽ പറഞ്ഞ വിധം കണക്കാക്കുന്ന ശരാശരി ഗ്രേഡ് പോയിന്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സംവരണ തത്വങ്ങൾക്ക് വിധേയമായി പ്രവേശനം നൽകുന്നതായിരിക്കും.

10.6 ഗ്രേഡ് പോയിന്റ് തുല്യമായി വരുന്ന സാഹചര്യത്തിൽ ഇംഗ്ലീഷിനു ലഭിച്ച ഗ്രേഡ് പോയിന്റിനെ മുൻ ഗണന നൽകി പരിഗണിക്കും. വീണ്ടും തുല്യത വന്നാൽ ജനന തീയതി ആദ്യം വരുന്നവർക്ക് മുൻ ഗണന നൽകും.

10.7 'സേ' പരീക്ഷ, ബെറ്റർമെന്റ് പരീക്ഷ ഇവ പ്രത്യേകം തവണയായി കണക്കാക്കുന്നതല്ല.

10.8 പഴയ സ്കീമനുസരിച്ചുള്ള എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുടെ മാർക്കുകൾ ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്താണ് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നത്. പഴയ സ്കീം യോഗ്യത പരീക്ഷയുടെ മാർക്കും ആനുപാതിക ഗ്രേഡ് പോയിന്റും താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| ***ഗ്രേഡ്*** | എ+ | എ | ബി+ | ബി | സി+ | സി | ഡി+ |
|---|---|---|---|---|---|---|---|
| ***മാർക്ക്*** | >=90 | >=80 | >=70 | >=60 | >=50 | >=40 | >=30 |
| ***പോയിന്റ്*** | 9 | 8 | 7 | 6 | 5 | 4 | 3 |

**11 പ്രവേശനം:**



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക അഡ്മിഷൻ പോർട്ടലിലും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അതാത് സ്ഥാപനമേധാവികൾ പ്രവേശന നടപടികൾ സ്വീകരിക്കുന്നതും, പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള തീയതികളിൽ അപേക്ഷകർ പ്രവേശനം ലഭിച്ച സ്ഥാപനങ്ങളിൽ നേരിട്ട് ഹാജരാകേണ്ടതുമാണ്. നിശ്ചയിച്ച ദിവസം തന്നെ അപേക്ഷകർ പ്രവേശനത്തിന് രക്ഷാകർത്താവിനോടൊപ്പം ഹാജരാകേണ്ടതാണ്.

പ്രവേശനസമയത്ത് വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, എന്നിവയോടൊപ്പം പട്ടിക II ൽ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.
ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ പ്രവേശനത്തിനു ഹാജരാകുവാൻ ഉദ്ദേശിക്കുന്നവർ പ്രോക്സി യെ ചുമതലപ്പെടുത്താവുന്നതാണ്

**പട്ടിക II**

| ക്രമ നമ്പർ | ഉദ്ദേശ്യം | ആവശ്യമായ രേഖ |
|---|---|---|
| 01 | ജനന തീയതി തെളിയിക്കുന്നതിന് | ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ SSLC/THSLC തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റ് |
| 02 | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് |
| 03 | പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ തത്തുല്യ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റ് |
| 04 | SEBC വിഭാഗത്തിനുള്ള സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി/സമുദായം ഉൾപ്പെടുത്തിയ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്<br>**അല്ലെങ്കിൽ**<br>അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അനുബന്ധം II (e) യിൽ ഉൾപ്പെട്ടിട്ടുള്ള ജാതി സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റും 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റും.<br>**അല്ലെങ്കിൽ**<br>അപേക്ഷകന്റെ നിർദ്ദിഷ്ട ജാതി/സമുദായം കാണിക്കുന്ന എസ്എസ്എൽസി/തത്തുല്യ സർട്ടിഫിക്കറ്റിനോടൊപ്പം (അനുബന്ധം II (e)-ൽ ജാതി ഉൾപ്പെടുത്തിയിട്ടുണ്ട്) സത്യവാങ്മൂലവും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |
| 05 | എസ്.സി/എസ്.ടി സംവരണം അവകാശപ്പെടുന്നതിന് | തഹസിൽദാർ പുറപ്പെടുവിച്ച സാധുവായ ജാതി സർട്ടിഫിക്കറ്റ് |
| 06 | വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നതിന് | Inter-Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത് അല്ലെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ /വിദ്യാഭ്യാസ രേഖയിൽ അനുബന്ധം II (e) യിൽ ഉൾപ്പെട്ടിട്ടുള്ള ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ്ബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഒരു സത്യവാങ്മൂലവും, നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ്/ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/05/2026 11:48 AM

| | | |
|---|---|---|
| 07 | വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ സംവരണത്തിന് പരിഗണിക്കുന്നതിന് | റവന്യൂ ഉദ്യോഗസ്ഥർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റും തഹസിൽദാർ നൽകുന്ന കുട്ടിയുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റും. |
| 08 | ഭിന്നശേഷി സംവരണം അവകാശപ്പെടുന്നതിന് | മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 09 | യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ വിധവകൾ ആയത് തെളിയിക്കുന്നതിന് | ബന്ധപ്പെട്ട Military / Zilla Sainik Welfare/ സമാനമായ അധികാരമുള്ള ഉദ്യോഗസ്ഥർ നൽകിയ സർട്ടിഫിക്കറ്റ് |
| 10 | EWS സംവരണം അവകാശപ്പെടുന്നതിന് | വില്ലേജ് ഓഫീസറിൽ നിന്നുള്ള EWS സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ |

**12 ഫീസ്:** പ്രവേശനം ലഭിക്കുന്ന അപേക്ഷകർ താഴെ സൂചിപ്പിക്കുന്ന ഫീസ് പ്രവേശന സമയത്ത് തന്നെ അടക്കേണ്ടതാണ്.

<table>
<tr><td>പ്രവേശന ഫീസ്</td><td colspan="3">150/- (നൂറ്റി അൻപത് രൂപ മാത്രം)</td></tr>
<tr><td rowspan="4">സ്പെഷ്യൽ ഫീസ്</td><td colspan="3">370/- (മുന്നൂറ്റി എഴുപത് രൂപ മാത്രം)</td></tr>
<tr><td colspan="2">റവന്യൂ ഭാഗം:</td><td>220/-</td></tr>
<tr><td colspan="2">പി.ഡി.ഭാഗം:</td><td rowspan="2">150/-</td></tr>
<tr><td>അസ്സോസിയേഷൻ<br>ആർട്ട്സ് & സ്പോർട്ട്സ്<br>വിഷ്വൽ എഡ്യൂക്കേഷൻ<br>സ്റ്റേഷനറി</td><td>39/-<br>59/-<br>10/-<br>42/-</td></tr>
<tr><td>കരുതൽ നിക്ഷേപം</td><td colspan="3">300/- രൂപ (മുന്നൂറ് രൂപ മാത്രം)</td></tr>
<tr><td>വാർഷിക ട്യൂഷൻ ഫീസ്</td><td colspan="3">845/- രൂപ (എണ്ണൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) - പ്രവേശന സമയത്ത് 345/- രൂപയും, ബാക്കി രണ്ട് തുല്യ തവണകളായി അടക്കാവുന്നതുമാണ്</td></tr>
<tr><td colspan="4">കരുതൽ നിക്ഷേപം ഒഴികെ ഒരിക്കൽ അടച്ച ഫീസ് പിന്നീട് തിരികെ നൽകുന്നതല്ല</td></tr>
</table>

**13 അറിയിപ്പ്:** പ്രവേശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും https://gci.polyadmission.org/ എന്ന വെബ്സൈറ്റിലും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ നൽകുന്നതല്ല.

13.1 അപൂർണ്ണമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

13.2 കോഴ്സ് കാലാവധി പൂർത്തിയാകാതെ പഠനം നിർത്തി പോകുന്ന വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ച കാലയളവു വരെയുള്ള ട്യൂഷൻ ഫീസ് അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

**14.** കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ആരോഗ്യ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം പ്രവേശന പ്രക്രിയ പൂർത്തീകരിക്കേണ്ടത്. എല്ലാ ഉദ്യോഗസ്ഥരും അപേക്ഷകരും രക്ഷകർത്താക്കളും പ്രവേശന പ്രക്രിയയുമായി ബന്ധപ്പെട്ട മറ്റുള്ളവരും ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**15.** ഈ പ്രോസ്പക്ടസിൽ പ്രത്യേകം പരാമർശിക്കാത്ത ഏതെങ്കിലും വിഷയങ്ങൾ ഉയർന്നു വരികയാണെങ്കിൽ ഇതു സംബന്ധിച്ച് സീനിയർ ജോയിന്റ് ഡയറക്ടറുടെ തീരുമാനം അന്തിമവും ഏവർക്കും ബാധകവുമായിരിക്കും.

**(ഒപ്പ്)**
**സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്.)**
**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം**



File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

Generated from eOffice by Lijopeter E J, C4 (ACA.) DTE, C4 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 19/06/2026 10:46 AM

# SITTTR KALAMASSERY

## PROPOSED CHANGES IN THE PROSPECTUS FOR GCI ADMISSION PROCESS 2026-27

| Sl No. | As per Previous prospectus (2025-26) | Change proposed(2026-27) | Remarks |
|---|---|---|---|
| 1 | | GO(MS)No.08/2021/BCDD dated: 21.06.2021 , G.O(Rt) No. 01/2022/BCDD dated: 25.02.2022 and G.O(Rt) No. 02/2026/BCDD dated: 03.03.2026 | Added latest GO regarding SEBC Reservation. |
| 2 | പ്രവേശന ഫീസ് **145**<br>സ്പെഷ്യൽ ഫീസ് **360**<br>റവന്യൂ ഭാഗം: **210**<br>വാർഷിക ട്യൂഷൻ ഫീസ് **805** | പ്രവേശന ഫീസ് **150**<br>സ്പെഷ്യൽ ഫീസ് **370**<br>റവന്യൂ ഭാഗം: **220**<br>വാർഷിക ട്യൂഷൻ ഫീസ് **845** | Fees enhanced by 5% as per GO(Ms) 311/2019/HEdn, Thiruvananthapuram dated 06/09/2019 and C2/11440/2019/DTE, dated 14/10/2019 |

Digitally signed by
Cinimole K G
Date: 01-06-2026
13:38:29

JOINT DIRECTOR

# അനുബന്ധം I

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജില്ല | വിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| 1. | ജി.സി.ഐ., മണ്ണന്തല | തിരുവനന്തപുരം | മണ്ണന്തല. പി. ഒ.<br>തിരുവനന്തപുരം – 695015<br>gcitvm@gmail.com | 0471–2540494 |
| 2. | ജി.സി.ഐ., പുനലൂർ | കൊല്ലം | നെല്ലിപ്പിള്ളി പി.ഒ.<br>പുനലൂർ,–691305<br>supdtgcipnlr@gmail.com | 0475–2229670 |
| 3. | ജി.സി.ഐ., ആലപ്പുഴ | ആലപ്പുഴ | Thiruvambady P O<br>ആലപ്പുഴ–688002.<br>superintendent722@gmail.com | 0477–2237175 |
| 4. | ജി.സി.ഐ., ഏറ്റുമാനൂർ | കോട്ടയം | ഏറ്റുമാനൂർ പി. ഒ.,<br>കോട്ടയം– 686631<br>gciettumanoor@gmail.com | 0481–2537676 |
| 5. | ജി.സി.ഐ., പാല | കോട്ടയം | ലാലം പി. ഒ., പാല,<br>കോട്ടയം –686575<br>gci5pala@gmail.com | 0482–2201650 |
| 6. | ജി.സി.ഐ., കാഞ്ചിയാർ | ഇടുക്കി | കാഞ്ചിയാർ പി. ഒ., കട്ടപ്പന,<br>ഇടുക്കി–685511<br>supdtgci@gmail.com | 04868–271058 |
| 7. | ജി.സി.ഐ., എറണാകുളം | എറണാകുളം | കലൂർ, കൊച്ചി,<br>എറണാകുളം –682017<br>supdtgciekm@gmail.com | 0484–2346560 |
| 8. | ജി.സി.ഐ., കോതമംഗലം | എറണാകുളം | കോതമംഗലം പി. ഒ.,തങ്കളം<br>എറണാകുളം –686691<br>supdtgci14@gmail.com | 0485–2828557 |
| 9. | ജി.സി.ഐ., പോത്താനിക്കാട് | എറണാകുളം | പോത്താനിക്കാട് പി. ഒ.,<br>എറണാകുളം –686671<br>gcipothanicad@gmail.com | 0485–2564709 |
| 10. | ജി.സി.ഐ., മാള | തൃശ്ശൂർ | അഷ്ടമിച്ചിറ പി. ഒ.<br>മാള, തൃശ്ശൂർ–680731<br>82gcimala@gmail.com | 0480–2892619 |
| 11. | ജി.സി.ഐ., പാലക്കാട് | പാലക്കാട് | മരുത റോഡ് പി ഒ<br>പാലക്കാട്–678007<br>gcipalakkad@yahoo.co.in | 0491–2532371 |
| 12. | ജി.സി.ഐ., കല്ലാച്ചി | കോഴിക്കോട് | കല്ലാച്ചി പി. ഒ, വടകര,<br>കോഴിക്കോട്–673506<br>kallachigci@gmail.com | 0496–2554300 |
| 13. | ജി.സി.ഐ., കൊയിലാണ്ടി | കോഴിക്കോട് | കോരയങ്ങാട് സ്ട്രീറ്റ്,<br>കൊയിലാണ്ടി പി. ഒ<br>.കോഴിക്കോട് –673305<br>gcikoyilandy673305@gmail.com | 0496–2624060 |
| 14. | ജി.സി.ഐ., മഞ്ചേരി | മലപ്പുറം | കരുവമ്പാരം വെസററ് പി. ഒ.,<br>മഞ്ചേരി, മലപ്പുറം–676123.<br>supdt.gcimanjeri@gmail.com | 0483–2761565 |
| 15. | ജി.സി.ഐ., മീനങ്ങാടി | വയനാട് | മീനങ്ങാടി പി. ഒ.,<br>വയനാട്–673591.<br>gcimeenangadi673591@gmail.com | 0493–6248380 |
| 16. | ജി.സി.ഐ., തളിപ്പറമ്പ് | കണ്ണൂർ | നെല്ലിപ്പറമ്പ്,പരിയാരം,<br>കുറ്റിയൂർ പി. ഒ.<br>കണ്ണൂർ –670142.<br>gcitpba2012@gmail.com | 0460–2202571 |
| 17. | ജി.സി.ഐ., കണ്ണപുരം | കണ്ണൂർ | ചെറുകുന്ന് പി. ഒ.,<br>കണ്ണപുരം,<br>കണ്ണൂർ –670301.<br>kannapuramgci@gmail.com | 0497–2861819 |

# ANNEXURE – II a

## LIST OF SCHEDULED CASTES (SC)

[As Amended by The Constitution (Scheduled Castes) Orders (Second Amendment) Act, 2002 (Act 61 of 2002) Vide Part VIII – Kerala - Schedule 1 Notified in the Gazette of India dated 18.12.2002, The Constitution (Scheduled Castes) Order (Amendment) Act 2007, The Constitution (Scheduled Castes) Order (Amendment) Act 2016, No. 24 of 2016]

[See Clause 5.4.3 (a)]

1 Adi Andhra
2 Adi Dravida
3 Adi Karnataka
4 Ajila
5 Arunthathiyar
6 Ayyanavar
7 Baira
8 Bakuda
9xxx
10 Bathada
11xxx
12 Bharathar (Other than Parathar), Paravan
13xxx
14 Chakkiliyan
15 Chamar, Muchi
16 Chandala
17 Cheruman
18 Domban
19xxx
20xxx
21xxx
22 Gosangi
23 Hasla
24 Holeya
25 Kadaiyan
26 Kakkalan, Kakkan
27 Kalladi
28 Kanakkan, Padanna, Padannan
29xxx
30 Kavara (other than Telugu speaking or Tamil speaking Balija Kavarai, Gavara, Gavarai, Gavarai Naidu, Balija Naidu, Gajalu Balija or Valai Chetty)
31 Koosa
32 Kootan, Koodan
33 Kudumban
34 Kuravan, Sidhanar, Kuravar, Kurava, Sidhana
35 Maila
36 Malayan [In the areas comprising the Kannur, Kasaragode, Kozhikode and Wayanad Districts].
37 Mannan (മ□ ാന്), Pathiyan, Perumannan, Peruvannan, Vannan, Velan
38 xxx
39 Moger (other than Mogeyar)
40 Mundala
41 Nalakeyava
42 Nalkadaya
43 Nayadi
44 xxx
45 Pallan
46 Palluvan, Pulluvan
47 Pambada
48 Panan
49 xxx
50 Paraiyan, Parayan, Sambavar, Sambavan, Sambava, Paraya, Paraiya, Parayar
51 xxx
52 xxx
53 xxx
54 Pulayan, Cheramar, Pulaya, Pulayar, Cherama, Cheraman, Wayanad Pulayan, Wayanadan Pulayan, Matha, Matha Pulayan
55 xxx
56 Puthirai Vannan
57 Raneyar
58 Samagara
59 Samban
60 Semman, Chemman, Chemmar
61 Thandan (excluding Ezhuvas and Thiyyas who are known as Thandan, in the erstwhile Cochin and Malabar areas) and (Carpenters who are known as Thachan, in the erstwhile Cochin and TravancoreState) Thachar (Other than carpenters)
62 Thoti
63 Vallon
64 Valluvan
65 xxx
66 xxx
67 Vetan
68 Vettuvan, Pulaya Vettuvan (in the areas of erstwhile CochinState only).
69 Nerian

# ANNEXURE – II b

## LIST OF SCHEDULED TRIBES (ST)

[As Amended by The Scheduled Castes and Scheduled Tribes Orders (Amendment) Act, 2002 (Act 10 of 2003) Vide Part - VII - Kerala - Second Schedule Notified in the Gazette of India dated 8.1.2003, G.O. (Ms) No. 06/2014/SCSTDD dated 29.01.2014]

[See Clause 5.4.3 (a)]

1 Adiyan
2 Arandan [Arandanan]
3 Eravallan
4 Hill Pulaya, Mala Pulayan, Kurumba Pulayan, Kuravazhi Pulayan, Pamba Pulayan
5 Irular, Irulan
6 Kadar [Wayanad Kadar]
7xxx
8 Kanikkaran, Kanikkar
9 Kattunayakan
10 [Kochuvelan]
11 xxx
12 xxx
13 Koraga
14 xxx
15 Kudiya, Melakudi
16 Kurichchan [Kurichiyan]
17 Kurumans, Mullu Kuruman, Mulla Kuruman, Mala Kuruman
18 Kurumbas, [Kurumbar, Kurumban]
19 Maha Malasar
20 Malai Arayan [Mala Arayan]
21 Malai Pandaram
22 Malai Vedan [Malavedan]
23 Malakkuravan
24 Malasar
25 [Malayan, Nattu Malayan, Konga Malayan (excluding the areas comprising the Kasaragod, Kannur, Wayanad and Kozhikode Districts)
26 Malayarayar
27 Mannan (മ□ ാൻ)
28 xxx
29 Muthuvan, Mudugar, Muduvan
30 Palleyan, Palliyan, Palliyar, Paliyan
31 xxx
32 xxx
33 Paniyan
34 Ulladan, [Ullatan]
35 Uraly
36 Mala Vettuvan(in Kasaragod & Kannur districts)
37 Ten Kurumban, Jenu Kurumban
38 Thachanadan, Thachanadan Moopan
39 Cholanaickan
40 Mavilan
41 Karimpalan
42 Vetta Kuruman
43 Mala Panikkar
44 Maratis of Kasargod and Hosdurg Taluk

# ANNEXURE – II c

## LIST OF OTHER ELIGIBLE COMMUNITIES (OEC)

[GO (Ms) No.14/2017/BCDD dated: 02.08.2017, GO (Ms)No.7/2013/BCDD dated 19.07.2013, and GO (Ms) No.9/2021/BCDD dated: 18.09.2021, See Clause 5.4.3 (f)

### OEC (ST)

1 Allar (Alan)
2 Chingathan
3 Irivavan
4 Kalanadi
5 Malayan, Konga-Malayan(Kasargod, Kannur, Wayanad and Kozhikode Districts)
6 Kundu-Vadiyan
7 Kunnuvarmannadi
8 Malamuthan
9 Malavettuvar (Except Kasargod and Kannur Districts)
10 Malayalar
11 Panimalayan
12 Pathiyan (other than Dhobies)
13 Hindu-Malayali

### OEC (SC)

1 Chakkamar
2 Madiga
3 XXX
4 Kudumbi
5 Dheevara/Dheevaran (Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Mogayar, Mogaveerar)
6 Scheduled Caste converted to Christianity
7 Kusavan, Kulalan, Kumbharan, Velaan, Velaar, Odan, Andhra Nair, Andhuru Nair,
8 Pulaya Vettuvan (Except KochiState)

# ANNEXURE II d

## LIST OF COMMUNITIES ELIGIBLE FOR EDUCATIONAL CONCESSIONS AS IS GIVEN TO OEC

[G.O.(Ms) No. 10/2014/BCDD dated: 23.05.2014] [See Clause 5.4.3 ( h)]

1 Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan

2 Veluthedathu Nair (Veluthedan and Vannathan)

3 Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties

4 Ezhavathi (Vathy)

5 Ganika

6 Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup/Kalari Panicker

7 Vilkurup, Perumkollan

8 Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar

9 Devanga

10 Pattariyas

11 Saliyas (Chaliya, Chaliyan)

12 Pandithar

13 Vaniar

14 Ezhuthachan

15 Chakkala/Chakkala Nair

16 Reddiars (throughout the State except in Malabar Area)

17 Kavuthiya

18 Veerasaiva (Yogi, Yogeeswara, Poopandram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi)

19 Vilakkithala Nair – Vilakkithalavan

20 Vaduka – Vadukan, Vadugar, Vaduka, Vaduvan

21 Chavalakkaran

22 Agasa

23 Kaikolan

24 Kannadiyans

25 Kerala Mudalis

26 Madivala

27 Naikkans

28 Tholkolans

29 Thottian

30 Mooppar or Kallan Moopan or Kallan Moopar







File No. DTETVM/4429/2026-C4 (ACA) (Computer No. 328080)

# ANNEXURE – II e

## LIST OF SOCIALLY AND EDUCATIONALLY BACKWARD CLASSES (SEBC)

[Vide G.O. (P) 208/66/Edn. dated 02.05.1966, G.O. (Ms) No. 95/08/SCSTDD dated 06.10.2008 & G.O. (Ms) No. 58/2012/SCSTDD dated 16.04.2012, G.O.(Ms) No. 10/2014/BCDD dated: 23.05.2014, Lr No. 1538/A2/2014/BCDD dated 02.07.2014, G.O.(Ms) No.03/2018/BCDD dated: 09.04.2018, G.O.(Ms) No.05/2020/BCDD dated: 16.03.2020]

[See Clause 5.4.2 (a)]

I. Ezhavas including Ezhavas, Thiyyas, Ishuvan, Izhuvan, Illuvan and Billava

II. Muslims (all sections following Islam)

III. Latin Catholics and Anglo Indians

IV. Dheevara including Dheevaran, Araya,Arayas, Arayan, Valan, Nulayan, Mukkuvan, Arayavathi, Valinjiar, Paniakkal, Paniakel, Mukaya, Bovis-Mukayar, Mukaveeran, Mogaveera, Mogavirar,Mogayan

V. Viswakarmas including Viswakarma, Asari, Chaptegra, Kallassari, Kalthachan, Kammala, Kamsala, Kannan, Karuvan, Kitaran, Kollan, Malayala Kammala, Moosari, Pandikammala, Pandithattan, Perumkollan, Thachan, Thattan, Vilkurup, Villasan, Viswabrahmanan or Viswabrahmanar, Viswakarmala and Palisa Perumkollan

VI. Kusavan including Kulalan, Kulala Nair, Kumbaran, Velaan, Velaans, Velaar, Odan, Kulala, Andhra Nair, Anthuru Nair

VII. Other Backward Christians

(a) SIUC

(b) Converts from Scheduled Castes to Christianity

VIII. Kudumbi

IX. Other Backward Hindus, i.e.

1. Agasa
2. Kharvi
3. Aremahrati
4. Arya, Atagara, Devanga, Kaikolan, (Sengunthar) Pattarya, Pattariyas, Saliyas (Padmasali, Pattusali, Thogatta, Karanibhakatula, Senapathula, Sali, Sale, Karikalabhakulu, Chaliya, Chaliyan) Sourashtra, Khatri, Patnukaran, Illathu Pillai, Illa Vellalar, Illathar
5. Bestha
6. Bhandari or Bhondari
7. Boya
8. Boyan
9. Chavalakkaran
10. Chakkala (Chakkala Nair)
11. Devadiga
12. Ezhavathi (Vathi)
13. Ezhuthachan, Kadupattan
14. Gudigara
15. Galada Konkani
16. Ganjam Reddies
17. Gatti
18. Gowda
19. Ganika including Nagavamsom
20. Hegde
21. Hindu Nadar
22. Idiga including Settibalija
23. Jangam
24. Jogi
25. Jhetty
26. Kanisu or Kaniyar-Panicker, Kaniyan, Kanisan or Kamnan, Kannian or Kani, Ganaka
27. xxx
28. Kalarikurup or Kalari Panicker
29. Kerala Muthali, Kerala Mudalis
30. Oudan (Donga) Odda (Vodde or Vadde or Veddai)
31. Kalavanthula
32. Kallan including Isanattu Kallar
33. Kabera
34. Korachas
35. x x x
36. Kannadiyans
37. Kavuthiyan, Kavuthiya
38. Kavudiyaru
39. Kelasi or Kalasi Panicker
40. Koppala Velamas
41. Krishnanvaka
42. Kuruba
43. Kurumba
44. Maravan (Maravar)
45. Madivala
46. Maruthuvar
47. Mahratta (Non-Brahman)
48. Melakudi (Kudiyan)
49. x x x
50. Moili

51. Mukhari
52. Modibanda
53. Moovari
54. Moniagar
55. Naicken including Tholuva Naicker and Vettilakkara Naicker, Naikkans
56. Padyachi (Villayankuppam)
57. Palli
58. Panniyar or Pannayar
59. Parkavakulam (Surithiman, Malayaman, Nathaman, Moopanar and Nainar)
60. Rajapuri
61. Sakravar (Kavathi), Chakravar
62. Senaithalaivar, Elavania, Senaikudayam
63. Chetty/Chetties including Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties,Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties
64. Tholkolan
65. Thottiyan, Thottian
66. Uppara (Sagara)
67. Ural Goundan
68. Valaiyan
69. Vada Balija
70. Vakkaliga
71. Vaduvan(Vadugan), Vaduka, Vadukan, Vadugar
72. Veera Saivas (Pandaram, Vairavi, Vairagi, Yogeeswar, Yogeeswara, Poopandaram, Malapandaram, Pandaran, Matapathi and Yogi)
73. Veluthedathu Nair including Vannathan, Veluthedan and Rajaka
74. Vilakkithala Nair including Vilakkathalavan, Ambattan Pranopakari, Pandithar and Nusuvan
75. Vaniya including Vanika, Vanika Vaisya, Vaisya Chetty, Vanibha Chetty, Ayiravar Nagarathar, Vaniyan, Vaniya Chetty, Vaniar
76. Yadava including Kolaya, Ayar, Mayar, Maniyani, Eruman, Iruman, Erumakkar, Golla and Kolaries
77. Chakkamar
78. Mogers of Kasaragod Taluk
79. x x x
80. x x x
81. x x x
82. Reddiars (throughout the State except in Malabar area)
83. Mooppar or Kallan Moopan or Kallan Moopar